# Desabhimani

## 22 August 2018

## Kalpatta, After Flood, Flood Victims, Farmer Donates Land

# പ്രളയബാധിതർക്ക് ഭൂമി ദാനംനൽകി കർഷകൻ

**കൽപ്പറ്റ**

ദുരിതപ്പെയ്ത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കായി നാട് കൈകോർക്കുമ്പോൾ സ്വന്തം സ്ഥലം ദാനംനൽകി കർഷകൻ. അമ്പലവയലിലെ മണ്ണാപറമ്പിൽ എം പി വിൽസൺ ആണ് തന്റെ പേരിൽ കണിയാമ്പറ്റ വില്ലേജിലെ ബ്ലോക്ക് നമ്പർ 13ൽപെട്ട പത്തൊമ്പതര സെന്റ് സ്ഥലം അശരണർക്ക് തലചായ്ക്കാൻ സർക്കാരിന് കൈമാറിയത്. കണിയാമ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂളിന് സമീപം റോഡ് സൗകര്യമുള്ള സ്ഥലമാണ് പ്രളയ ദുരിതത്തതിൽ എല്ലാം നഷ്ടപ്പെട്ടവർക്കായി നൽകാൻ വിൽസൺ ജില്ലാ ഭരണകൂടത്തെ ഏൽപ്പിച്ചത്.

ഇതിൽ നാലര സെന്റ് സ്ഥലം കണിയാമ്പറ്റയിൽ വാടക വീട്ടിൽ താമസിക്കുന്ന വൃക്കരോഗിയുടെ കുടുംബത്തിന് നൽകും. ബാക്കിയുള്ളത് ദുരിതബാധിതർക്കിടയിൽ എല്ലാം നഷ്ടപ്പെട്ട അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി വിതരണം ചെയ്യാനാണ് ഈ കർഷകൻ കലക്ടറോട് ആവശ്യപ്പെട്ടത്.

സുഹൃത്തുക്കളോടൊപ്പം കലക്ടറേറ്റിലെത്തിയ വിൽസൺ ഭൂമിയുടെ ആധാരം കലക്ടറുടെ ചുമതലയുള്ള ആയുഷ് അഡീഷണൽ സെക്രട്ടറി കേശവേന്ദ്രകുമാറിന് കൈമാറി. പ്രതീക്ഷകൾ നഷ്ടപ്പെട്ട കുടുംബത്തിന് പുതിയ ജീവിതം ഈ മണ്ണിൽനിന്നും തുടങ്ങാൻ കഴിയുമെന്ന പ്രത്യാശയും കലക്ടർ പങ്കുവച്ചു. അമ്പലവയലിലാണ് വർഷങ്ങളായി വിൽസൺ താമസിക്കുന്നത്. ഗ്ലാൻസിയാണ് ഭാര്യ. മൈസൂരുവിൽ ബിരുദ വിദ്യാർഥികളായ സ്വരാജ് പോൾ, റിച്ചാർഡ് വിൽസൺ, അമ്പലവയൽ ഗവ. ഹൈസ്കൂളിലെ അഞ്ചാംതരം വിദ്യാർഥി ആൽഫ്രഡ് വിൽസൺ എന്നിവരാണ് മക്കൾ. ഏറ്റവും അർഹരായവരുടെ കൈകളിലേക്ക് ഈ ഭൂമി വിതരണംചെയ്യുന്ന നടപടികൾ എത്രയുംവേഗം പൂർത്തിയാക്കാനാണ് ജില്ലാ ഭരണകൂടത്തിന്റെയും തീരുമാനം.